**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 311** | **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നിലവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിച്ചു. കേരളത്തിന്റെ പുനർനിർമ്മാണത്തിന് കെയർ കേരള പദ്ധതി. സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) യുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതി. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി. സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി. "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)". Special Liquidity Facility (SLF) വിനിയോഗം. |

അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS). കൃതി അന്താരാഷ്ട്ര പുസ്തക മേള. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനു കീഴിൽകൊണ്ടു വരുന്നതിനായി നടപ്പിലാക്കിയ coopmart കൾ. വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാല ചന്തകൾ. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ "ഹരിതം സഹകരണം". ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി. സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ച coopmart Veg Fresh പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ. സഹകരണ നയം. റിസ്ക് ഫണ്ട് പദ്ധതി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവയുടെ വിതരണം. ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലി .നം .4498 ന്റെ രൂപീകരണം. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി എന്ന പദ്ധതി. PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള സഹായം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നീ പുതിയ 2 സ്കീമുകൾ ഉൾപ്പെടെ 25 സംസ്ഥാന പദ്ധതികളിലും 3 എൻ.സി.ഡി.സി പദ്ധതികളിലുമായി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ 1. പ്രാഥമിക സഹകരണ സംഘങ്ങളേയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് 2021-22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 ഘടകങ്ങൾ ചുവടെ ചേർക്കുന്നു. I. Co operatives Initiative for Agriculture Infrastructure in Kerala (CAIK) - പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) 4% പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷം 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും ടി വായ്പാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ii. തൊഴിൽ സംരഭകർക്കുള്ള വായ്പാ പദ്ധതി കാർഷിക വ്യാവസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി 2021-2022 സാമ്പത്തിക വർഷം 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനായി ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. iii.കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ – 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 4% പലിശനിരക്കിൽ ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷത്തിൽ 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ യുവ സംരംഭകരെയും സേവനദാതാക്കളെയും സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് 25 പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി പ്രവർത്തന പരിധിയുള്ള ഒരു നെല്ല് സഹകരണ സംഘം ആരംഭിക്കുകയും പാലക്കാട് റൈസ് മില്ലിന്റെ മാതൃകയിൽ 2 ആധുനിക റൈസ് മില്ലുകൾ കൂടി ആരംഭിക്കുന്നതാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘം (SPCS) മാതൃകയിൽ കലാകാരന്മാർ സംഗീതജ്ഞർ, പെർഫോർമിംഗ് ആർട്ടിസ്റ്റ്, നാടക കലാകാരന്മാർ എന്നിവർക്കു വേണ്ടി ഒരു സംഘം രൂപീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മേഖലയിലൂടെ കൂടുതൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | 1. സഹകരണ സംഘങ്ങൾ വഴി കൂടുതൽ കാർഷിക വായ്പകൾ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. ടി പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹന സഹായം. കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയെക്കാൾ 20% ത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും അനുവദിക്കുന്ന പ്രോത്സാഹന സഹായം. 2. Co-operative Initiative for Agriculture Infrastructure in Kerala (CAIK) എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി കാർഷികമേഖലയുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ളതാണ്. പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യവിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വിൽപ്പന സൗകര്യങ്ങൾ, കാർഷികോൽപ്പന്നങ്ങളായ പച്ചക്കറികൾ,പാൽ, മാംസം,മൽസ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ ഇടപെടാൻ കഴിയും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. |
| (സി) | ഓരോ പഞ്ചായത്തിലും അതത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യത അനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഓരോ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓരോ പഞ്ചായത്തിലും അതാത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യത അനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള രണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 400.00 ലക്ഷം രൂപയും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ